# വചന വിചിന്തനം : ജൂൺ 21 ഞായർ, 2009

വി. ലൂക്ക. 6: 27-42

ശിഷ്യത്വത്തേക്കുറിച്ചുള്ള പ്രബോധനങ്ങളാണ് ഇന്നത്തെ വചനഭാഗം. വി.ലൂക്കായുടെ സുവിശേഷത്തിൽ അവതരിപ്പിക്കപ്പെടുന്ന സമതല പ്രഭാഷണത്തിന്റെ ഭാഗമാണിത്. ശത്രുക്കളെ സ്നേഹിക്കുവാനും തിന്മയെ നന്മകൊണ്ട് ജയിക്കുവാനും മറ്റുള്ളവരെ വിധിക്കാതിരിക്കുവാനും യേശു പഠിപ്പിക്കുന്നു.

**സന്ദേശം**

ഒരു സന്യാസ ഭവനത്തിന്റെ സ്വീകരണമുറിയുടെ ചുവരിൽ എഴുതിവച്ചിരിക്കുന്ന മനോഹരമായ ഒരു തിരുവചനം എന്റെ ശ്രദ്ധയെ ആകർഷിച്ചു. "മറ്റുള്ളവർ നിങ്ങളോട് എങ്ങനെ പെരുമാറണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്നുവോ അങ്ങനെതന്നെ നിങ്ങൾ അവരോടും പെരുമാറുവിൻ" (വി.ലൂക്ക. 6:31). സുന്ദരമായ പെരുമാറ്റത്തിന്റെയും ഹൃദ്യമായ ജീവിതത്തിന്റെയും അടിസ്ഥാനം ഈ തിരുവചനം വ്യക്തമാക്കുന്നു. ജീവിതത്തിന് ദിശാബോധം നല്കുന്ന സുവർണ്ണരേഖയാണ് സുവർണ്ണനിയമം എന്നറിയപ്പെടുന്ന ഈ തിരുവചനം.

'തിന്മയെ നന്മകൊണ്ട് ജയിക്കുക'- ക്രിസ്തീയ വ്യക്തിത്വത്തിന്റെ കാതൽ വെളിവാക്കുന്ന ശക്തമായ സന്ദേശമാണിത്. തിന്മയ്ക്ക് പകരം തിന്മ നന്മയ്ക്ക് പകരം നന്മ എന്ന സാധാരണ ലോകനീതിയുടെ മുന്നിൽ ഒരു വെല്ലുവിളിയായി ഉയർന്നു നില്ക്കുന്ന സന്ദേശമാണിത്. ഈ വെല്ലുവിളി അഭിമുഖീകരിക്കുവാൻ കഴിയുന്നവനാണ് യഥാർത്ഥ ക്രിസ്ത്യാനി.

ക്രിസ്തീയ വ്യക്തിത്വം ശക്തമായ ഒരു സന്ദേശമാണ് ചുറ്റുമുള്ള ലോകത്തിനു നല്കുന്നത്. വ്യതിരക്തമായ ഒരു ജീവിത വീക്ഷണവും അത് ആവശ്യപ്പെടുന്ന ഒരു ജീവിതശൈലിയും.

ജീവിതവും പ്രവർത്തനവും വഴി ലോകത്തെ പ്രകാശിതമാക്കുക-യേശു തന്റെ ശിഷ്യരോട് ആവശ്യപ്പെടുന്നു. വിശ്വാസത്തിന്റെ ശക്തിയും പ്രകാശവും സൗന്ദര്യവും ക്രിസ്ത്യാനി മറ്റുള്ളവർക്ക് നല്കണം. അന്ധകാരത്തിൽ പ്രകാശമാവണം, തിന്മയിൽ നന്മയാവണം, അസത്യമുള്ളിടത്ത് സത്യമാവണം.

ജീവിതത്തിൽ തിന്മയേക്കാൾ നന്മ ശക്തമായി പ്രതിഫലിപ്പിക്കുമ്പോൾ ധീരോചിതമായ മനുഷ്യസേവനത്തിന്റെയും സമർപ്പണത്തിന്റെയും ഉജ്ജ്വലമാതൃകകൾ ക്രൈസ്തവ സമൂഹത്തിൽ രൂപംകൊള്ളുന്നു. വി. സ്റ്റീഫൻ മുതൽ അത് നമുക്ക് അറിവുള്ളതാണ്.

തിന്മയെ നന്മകൊണ്ട് നേരിടുക, വെറുപ്പിനെ സ്നേഹംകൊണ്ട് കീഴടക്കുക, അന്ധകാരത്തെ യേശുവിന്റെ പ്രകാശത്താൽ ദുരീകരിക്കുക- ഉജ്ജ്വലമായ ജീവിതസാക്ഷ്യങ്ങളുടെ ചാലകശക്തി ക്രിസ്തുവിന്റെ മനസ്സാണ്. ക്രിസ്തുവിന്റെ മനസ്സുള്ളവൻ ആന്തരികമായി ശക്തനാണ്. ഈ ആന്തരികശക്തി പരിശുദ്ധാത്മാവിന്റെ ദാനമാണ്.

തിരിച്ചുകിട്ടുമെന്ന് പ്രതീക്ഷിക്കാതെ നല്കുക

ഉപദ്രവിക്കുന്നവനെ അനുഗ്രഹിക്കുക

ചോദിക്കുന്നവന് നിഷേധിക്കാതിരിക്കുക-

ഇപ്രകാരമുള്ള സ്നേഹത്തിന്റെ തലത്തിലേക്ക് ഈ ആന്തരിക ശക്തി ഒരുവനെ നയിക്കുന്നു.

ബലം കുറഞ്ഞ മനുഷ്യർ പെരുകുന്ന ഈ ലോകത്തിൽ തിനന്മയെ നന്മകൊണ്ട് ജയിക്കുക എന്ന സന്ദേശം എങ്ങനെ പ്രാവർത്തികമാകും?

നിന്റെ സ്നേഹം ശക്തമാണോ?

നിന്റെ സ്നേഹം യഥാത്ഥമാണോ?

നിന്റെ ജീവിതത്തിൽ കരിനിഴൽ വീഴ്ത്തിയവരോട് നിന്റെ മനോഭാവം എന്തായിരുന്നു?

നിന്റെ വികാരങ്ങൾക്ക് മുറിവുപറ്റിയപ്പോൾ നീ ക്ഷമിച്ചോ? അതോ മുറിവിനു പകരമായി തിരിച്ചു മുറിവേല്പ്പിച്ചോ?

'തിന്മയെ നന്മകൊണ്ട് ജയിക്കുക' ഈ വചനവെളിച്ചത്തിൽ നമ്മെ പരിശോധിക്കുമ്പോൾ നമുക്കു വെളിവാകും- ക്രിസ്തീയമല്ലാത്ത മനോഭാവങ്ങളുടെ ഒരു കൂമ്പാരമാണ് എന്റെ മസ്തിഷ്കം. ഇതൊരു തിരിച്ചറിവാണ്.

നന്മയുടെയും നീതിയുടെയും പ്രകാശം നല്കുന്ന ഒരു വ്യക്തിത്വം ഇല്ലാത്തവൻ ക്രിസ്ത്യാനിയല്ല. ക്രിസ്തീയനാമവും ക്രിസ്തീയാനുഷ്ഠാനങ്ങളും ഒരുവനെ ക്രിസ്ത്യാനിയാക്കുന്നില്ല.

വചനവെളിച്ചത്തിൽ ജീവിതത്തെ പരിശോധിക്കുമ്പോൾ ക്രിസ്തീയമല്ലാത്ത മനോഭാവങ്ങളുടെ മാറാലകൾ നമുക്ക് വ്യക്തമാകും.

അഹങ്കാരം, അസൂയ, വെറുപ്പ്, അവജ്ഞ-അനേകം തിന്മകളുടെ ഇരിപ്പിടമായ മനസ്സിനെ നമുക്ക് കാണാനാവും.

ദൈവത്തിൽ ആശ്രയിക്കുന്നവർക്കുമാത്രമേ തിന്മയെ നന്മകൊണ്ട് നേരിടാനാവു. അവനു മാത്രമേ കുരിശിൽ മുറിവേല്പ്പിക്കപ്പെടുമ്പോഴും, പരിഹാസത്തിന്റെയും അപമാനത്തിന്റെയും കയ്പുനീർ കുടിക്കുമ്പോഴും ഇവരോട് ക്ഷമിക്കണമെയെന്ന് പ്രാർത്ഥിക്കാനാവൂ. അവർക്കേ കുടുംബത്തിൽ, ബന്ധങ്ങളിൽ, ഓഫീസുകളിൽ, ജോലിസ്ഥലത്ത് ക്രിസ്തുസാന്നിദ്ധ്യമാകാൻ കഴിയു.

**ഫാ. ജോൺ നെല്ലിക്കുന്നേൽ**